**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4410** **10-08-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ കാർഷിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 1. ഞാറയ്ക്കൽ ബ്ലോക്ക് സംസ്ഥാനത്തിന്റെ കാർഷികമേഖലയെ വിവിധ അഗ്രോ ഇക്കോളജിക്കൽ സോണുകളായി വിഭജിച്ചിട്ടുണ്ട്. അതിൽ അഗ്രോ ഇക്കോളജിക്കൽ സോൺ അഞ്ചിൽ ഉൾപ്പെടുന്നതാണ് വൈപ്പിൻ മേഖല. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ അഞ്ചിലേയ്ക്ക് അനുയോജ്യമായ എല്ലാ പദ്ധതികളും കൃഷി വകുപ്പ് വൈപ്പിൻ മേഖലയിൽ നടപ്പിലാക്കിവരുന്നു. സമഗ്ര പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് 18000 പച്ചക്കറി വിത്ത് പാക്കറ്റുകളും 1,10,000 പച്ചക്കറി തൈകളും വിതരണം നടത്തിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്ന പച്ചക്കറികൾക്ക് പന്തൽ വിഭാഗത്തിനും പന്തൽ ഇല്ലാത്ത വിഭാഗത്തിലുമായി 10 ഹെക്ടർ സ്ഥലത്തേയ്ക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ഗ്രോബാഗ് പച്ചക്കറി 350 യൂണിറ്റും പോഷകതൈകളുടെ വിതരണം 200 യൂണിറ്റും ജലസേചന പമ്പ് സെറ്റ്, കീടനിയന്ത്രണത്തിന് ഉള്ള സ്പ്രെയറുകൾ ഇവയും വിതരണം നടത്തുന്നു. മട്ടുപ്പാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 500 സ്ക്വയർ മീറ്റർ മഴമറയും നടപ്പിലാക്കുന്നു. സുഭിക്ഷം പദ്ധതിയിലുൾപ്പെടുത്തി കൊണ്ട് അധികമായി 320 സ്ക്വയർ മീറ്റർ മഴമറയും നിർമ്മിക്കുന്നതാണ്. സുഭിക്ഷം പദ്ധതിയുടെ ഭാഗമായി ഭാരതീയ പ്രകൃതികൃഷി പദ്ധതി (BPKP) വൈപ്പിൻ ബ്ലോക്കിൽ 500 ഹെക്ടറിന്റെ ഒരു ക്ലസ്റ്റർ നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ 10 മൈക്രോ ക്ലസ്റ്ററുകൾ ആണ് ഉള്ളത്. ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പരിശീലന പരിപാടികളും, പ്രദർശന പരീക്ഷണ തോട്ടങ്ങളും, ജൈവവള ഉൽപ്പാദനയൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റും ഉൾപ്പെടെ 25.49 ലക്ഷം രൂപയുടെ പദ്ധതിയാണ് |

| | | | |
|---|---|---|---|
| | | | ഇത്. സമഗ്ര കേരവികസന പദ്ധതിയുടെ ഭാഗമായി കുറിയ ഇനം തെങ്ങിന്റെ വിത്ത് തേങ്ങ സംഭരണവും നടപ്പിലാക്കുന്നു. ഇതിന് പുറമേ ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളും കാർഷിക യന്ത്രവൽക്കരണ പദ്ധതിയും ആത്മ പദ്ധതിയുടെ ഭാഗമായി വരുന്ന വിവിധ പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു. ആർ.കെ.വി.വൈ, എസ്.എച്ച്.എം ഇവയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് അധിഷ്ഠിത പദ്ധതികളും നടപ്പിലാക്കിവരുന്നു. 2. കളമശ്ശേരി ബ്ലോക്ക് 1. പച്ചക്കറി വികസനപദ്ധതിപ്രകാരം ഓണത്തിന് ഒരു മുറം പച്ചക്കറി- സൗജന്യവിത്ത്, പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം (277500രൂപ), പമ്പ്സെറ്റ്, സ്പ്രേയർ എന്നിവ വാങ്ങുന്നതിന് ധന സഹായം (5500/-രൂപ), പ്രൊമോഷൻ ഓഫ് ന്യൂട്രീഷൻ ഗാർഡൻ (7500/-രൂപ), ഗ്രോ ബാഗ് പച്ചക്കറി കൃഷി (337500/-രൂപ), മഴമറ (150000രൂപ), സുഭിക്ഷകേരളം തരിശു ഭൂമി പച്ചക്കറി കൃഷി (60000/-രൂപ), Small nurseries (15000/-രൂപ), Staggered cluster panthal & nonpanthal varieties (137500/-രൂപ) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. 2. റൈസ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം സ്പെഷ്യാലിറ്റി റൈസ് ഇനത്തിൽ പൊക്കാളി കൃഷിക്ക് സബ്സിഡി അനുവദിക്കുന്നു. 3. കേര സമൃദ്ധി പദ്ധതിപ്രകാരം മികച്ച ഇനം തെങ്ങിൻ തൈകളുടെ വിതരണം (3322 എണ്ണം). 4. ഓണത്തോടനുബന്ധിച്ച് എല്ലാ പഞ്ചായത്തുകളിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഓണച്ചന്ത (Rs. 195000/-) 5. കർഷക പെൻഷൻ 6. കാർഷികാവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി പദ്ധതി. 7. പ്രകൃതി ക്ഷോഭം - നഷ്ടപരിഹാരം. 8. SHM പദ്ധതികളായ എല്ലാ വീട്ടിലും പോഷകത്തോട്ടം, MIDH സ്കീം പ്രകാരം വാഴക്കന്ന്, ടിഷ്യൂക്കൾച്ചർ വാഴ, പപ്പായ, ഞാവൽ, പുഷ്പ കൃഷി, യന്ത്രവൽക്കരണം എന്നിവയ്ക്ക് ആനുകൂല്യം. 9. കേന്ദ്ര പദ്ധതികൾ ആയ PKVY പൊക്കാളി കൃഷിവികസനം (87000/-), BPKP (ഭാരതീയ പ്രകൃതികൃഷി പദ്ധതി- സുഭിക്ഷം സുരക്ഷിതം (Rs. 13.26 ലക്ഷം രൂപ 250 ഹെക്ടറിന്) |
| (ബി) | വൈപ്പിൻ കരയുടെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വൈപ്പിൻമേഖലയിലെ പൊക്കാളി പാടങ്ങൾ പ്രകൃതിയാൽ തന്നെ ജൈവകൃഷി സമ്പ്രദായത്തിൽ കൃഷി ചെയ്തുവരുന്ന തനത് പാരമ്പര്യ കൃഷി ആണ്. തീരദേശങ്ങളോട് ചേർന്നുകിടക്കുന്ന പൊക്കാളി പാടങ്ങളിൽ ഒരു നെല്ലും ഒരു മീനും സമ്പ്രദായം ആണ് നിലവിൽ സ്വീകരിച്ചുവരുന്നത്. കാർഷികമേഖലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഒരു നെല്ലും ഒരു മീനും |

| | | | |
|---|---|---|---|
| | | | പദ്ധതിയിടങ്ങളിൽ വിനോദസഞ്ചാരികൾക്ക് സന്ദർശനത്തിന് സൗകര്യം ഒരുക്കി നൽകൽ, മറ്റ് ഡിപ്പാർട്ട്മെന്റുകളെ കൂടി ഉൾപ്പെടുത്തി ബോട്ടിങ്ങ്, താറാവ് കൃഷി എന്നിവ നടപ്പാക്കൽ, കേരളേശ്വര റോഡ് വഴിയിലുള്ള ഇടപ്പുഴ നവീകരിച്ച് ബോട്ട് സർവീസ് ചീനവല റെസ്റ്റോറന്റ്, ഫ്ളോട്ടിംങ് ഗാർഡൻ, കൂട് മൽസ്യ കൃഷി എന്നിവ നടപ്പിലാക്കൽ, കണ്ടെയ്നർ റോഡിന്റെ ഇരുവശങ്ങളും നവീകരിച്ച് പുഴയുടെ അരിക് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാത ആക്കി, നടപ്പാതയുടെ ഇരുവശങ്ങളിലും പൂകൃഷി ചെയ്യൽ, അകോപോണിക്സ്, ഹൈഡ്രോ പോണിക്സ് കൃഷി രീതികൾ നടപ്പിലാക്കൽ, വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രദർശനതോട്ടം നിർമ്മിച്ച്, കൂടുതൽ ഏരിയയിൽ മൽസ്യ കൃഷി നടത്തി വിപണനം സാധ്യമാക്കൽ, വിനോദ സഞ്ചാരികൾക്ക് നാടൻ പച്ചക്കറികൾ ലഭ്യമാക്കുന്നതിന് കൂടുതൽ കൃഷി ഇടങ്ങൾ ഒരുക്കി വിപണനം നടത്താൻ ടൂറിസം മേഖലയിൽ കൂടുതൽ വിപണികൾ സജ്ജമാക്കൽ, എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രകൃതിക്കും കൃഷിക്കും കോട്ടം വരാത്ത രീതിയിൽ നടപ്പാക്കുന്നതിനും അതുവഴി വൈപ്പിൻ മേഖലയിലെ ഫാം ടൂറിസം നടപ്പാക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ